روضة الخطباء
# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
## നോമ്പു മുറിയുന്ന കാര്യങ്ങൾ | 16/04/2021

بسم الله الرحمن الرحيم

കഴിഞ്ഞ ഖുത്തുബയിൽ നോമ്പിന്റെ ശർത്വുകളാണ് വിവരിച്ചത്.

ഇന്ന നോമ്പു മുറിയുന്ന കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്.

❖ **നോമ്പ് ദുർബലപ്പെടുത്തുന്ന കാര്യങ്ങൾ രണ്ടു വിതമുണ്ട്.**

1. നോമ്പ് ദുർബലമാക്കുകയും പിന്നീട് നോറ്റു വീട്ടൽ നിർബന്ധമാക്കുകയും ചെയ്യുന്ന കാര്യങ്ങൾ.
2. നോമ്പ് ദുർബലപ്പെടുത്തുകയും പിന്നീട് നോറ്റു വീട്ടുകയും പ്രായശ്ചിത്തം നിർബ ന്ധമാക്കുകയും ചെയ്യുന്ന കാര്യങ്ങൾ.

| المفسدات والمفطرات | | | |
|---|---|---|---|
| ١ | الجماع | ٢ | الاستمناء |
| ٣ | الأكل والشرب | ٤ | ما كان بمعنى الأكل والشرب |
| ٥ | إخراج الدم بالحجامة ونحوها | ٦ | القيء عمداً |
| ٧ | خروج دم الحيض أو النفاس من المرأة | | |

## 1. الجماع

ശാരീരക ബന്ധം.

- وهو أعظم المفطرات وأكبرها إثما
- നോമ്പ് മുറിയുന്ന കാര്യങ്ങളിലെ ഏറ്റവും ഗൌരവമുള്ള കാര്യമാണിത്.
- റമദാനിന്റെ പകലിൽ ശാരീരിക ബന്ധത്തിലേർപ്പെട്ടാൽ അയാളുടെ നോമ്പ് മുറിയും.

الإمساك عن الأكل والشرب والجماع

- അല്ലാഹു പറഞ്ഞത്.

أُحِلَّ لَكُمْ لَيْلَةَ ٱلصِّيَامِ ٱلرَّفَثُ إِلَىٰ نِسَآئِكُمْ ۚ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ۗ عَلِمَ ٱللَّهُ أَنَّكُمْ كُنتُمْ تَخْتَانُونَ أَنفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنكُمْ ۖ فَٱلْـَٰٔنَ بَٰشِرُوهُنَّ وَٱبْتَغُوا۟ مَا كَتَبَ ٱللَّهُ لَكُمْ ۚ وَكُلُوا۟ وَٱشْرَبُوا۟ حَتَّىٰ يَتَبَيَّنَ لَكُمُ ٱلْخَيْطُ ٱلْأَبْيَضُ مِنَ ٱلْخَيْطِ ٱلْأَسْوَدِ مِنَ ٱلْفَجْرِ ۖ ثُمَّ أَتِمُّوا۟ ٱلصِّيَامَ إِلَى ٱلَّيْلِ ۚ وَلَا تُبَٰشِرُوهُنَّ وَأَنتُمْ عَٰكِفُونَ فِى ٱلْمَسَٰجِدِ ۗ تِلْكَ حُدُودُ ٱللَّهِ فَلَا تَقْرَبُوهَا ۗ كَذَٰلِكَ يُبَيِّنُ ٱللَّهُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ١٨٧ (البقرة)

- നബി (സ്വ) യുടെ അടുത്ത് ഒരാൾ വന്ന ചരിത്രം.

عن أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ : هَلَكْتُ يَا رَسُولَ اللَّهِ قَالَ: وَمَا أَهْلَكَكَ قَالَ : وَقَعْتُ عَلَى امْرَأَتِي فِي رَمَضَانَ . قَالَ: هَلْ تَجِدُ مَا تُعْتِقُ رَقَبَةً قَالَ : لا . قَالَ : فَهَلْ تَسْتَطِيعُ أَنْ تَصُومَ شَهْرَيْنِ مُتَتَابِعَيْنِ قَالَ : لا . قَالَ : فَهَلْ تَجِدُ مَا تُطْعِمُ سِتِّينَ مِسْكِينًا قَالَ : لا .. ( البخاري ومسلم.)

ഞാൻ നശിച്ചു നബിയെ, എന്താണ് കാര്യം എന്ന് നബി (സ്വ) ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് റമദാനിന്റെ പകലിൽ ഭാര്യയുമായി ബന്ധപ്പെട്ടു.

അയാളോട് ആ കുറ്റത്തിന് പ്രായശ്ചിത്തമായി നബി (സ്വ) പഠിപ്പിച്ച കാര്യങ്ങൾ

1. അടിമയെ മോചിപ്പിക്കുക
2. രണ്ടു മാസം തുടർച്ചയായി നോമ്പു നോൽക്കുക
3. അറുപത് സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക.

**ഈ സംഭവത്തിൽപഠിക്കാനുള്ള മസ്അലകൾ.**

- നോമ്പ് മുറിക്കുന്ന കാര്യങ്ങളിൽ ഏറ്റവും ഗുരുതരമായത് നോമ്പിന്റെ പകലിൽ ലൈംഗികബന്ധത്തിൽ ഏർപ്പെടലാണ്.
- റമദാൻ മാസത്തിലാണ് അത് അവൻ ചെയ്യുന്നതെങ്കിൽ ആ മാസത്തിന്റെ പവിത്രതയും പരിശുദ്ധിയും അതിലൂടെ അവൻ കളഞ്ഞു കുളിക്കുന്നു. അല്ലാഹു ആദരിച്ചതിനെ അവൻ നിന്ദിച്ചിരിക്കുന്നു.
- റമദാൻ മാസത്തിലെ പകലിൽ നോമ്പുകാരനായിരിക്കെ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ അവൻ ആ നോമ്പ് നോറ്റു വീട്ടുകയും, അല്ലാഹുവിനോട് പശ്ചാത്താപം തേടുകയും, താൻ ചെയ്ത തെറ്റിന്റെ കഫാറത് നിർവ്വഹിക്കുകയും ചെയ്യേണ്ടതുണ്ട്.

## 2. الاستمناء

**ഇന്ദ്രിയസ്ഖലനം**

- ലൈംഗികബന്ധം കാരണമായോ ഭാര്യയെ ചുംബിച്ചതു കാരണമായോ ആലിംഗനം ചെയ്തതിനാലോ മുഷ്ടിമൈഥുനം നിമിത്തമോ ഇന്ദ്രിയം സ്ഖലിച്ചാലും നോമ്പ് മുറിയും.
- സ്വന്തം ഇഛപ്രകാരം മനിയ്യ് (ഇന്ദ്രിയം) പുറത്ത് കൊണ്ടു വരുക എന്നതിൽ പല രൂപങ്ങൾ ഉൾപ്പെടും.
- സ്പർശനത്തിലൂടെയോ, ചുംബനത്തിലൂടെയോ മനിയ്യ് പുറത്ത് പോകുന്നത് ഉദാഹരണം.
- സ്വയംഭോഗം ചെയ്യുന്നതിലൂടെയും, ആവർത്തിച്ചുള്ള നോട്ടത്തിലൂടെയും ഇത് സംഭവിക്കാം. ഈ പറഞ്ഞതിലൂടെയെല്ലാം മനിയ്യ് പുറത്തു വരാനും, അതിലൂടെ നോമ്പ് മുറിയാനും സാധ്യതയുണ്ട്.

قال ﷺ للمُجامِعِ صُمْ يومًا مكانَه

സംഭോഗം ചെയ്തവനോട് നബി (സ്വ) പറഞ്ഞു: അതിന്റെ സ്ഥാനത്ത് മറ്റൊരു ദിവസം നോമ്പ് നോൽക്കുക. (അബൂദാവൂദ്)

## 3. الأكل والشرب

**ബോധപൂർവം തിന്നുകയോ കുടിക്കുകയോ ചെയ്യുക.**

- നോമ്പുസമയത്ത് തിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പ് മുറിയുന്നതാണ്.
- നോമ്പുകാരനാണെന്ന കാര്യം മറന്നുകൊണ്ടോ, അബദ്ധവശാലോ, നിർബന്ധിതനായോ ആണ് തിന്നുകയോ കുടിക്കുകയോ ചെയ്തതെങ്കിൽ അതുകൊണ്ട് നോമ്പ് മുറിയുന്നില്ല.

عن أبي هريرة :مَن نَسِيَ وَهو صائِمٌ، فأكَلَ، أَوْ شَرِبَ، فَلْيُتِمَّ صَوْمَهُ، فإنَّما أَطْعَمَهُ اللَّهُ وَسَقاهُ.

നബി (സ) പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു: (അബദ്ധം, മറവി, ബലപ്രയോഗത്തിന് വിധേയമായി ചെയ്യുന്ന കാര്യം എന്നിവ അല്ലാഹു എന്റെ സമുദായത്തിന് ഇളവ് ചെയ്തുകൊടുത്തിട്ടുണ്ട്

- ഭക്ഷണമോ വെള്ളമോ അവന്റെ വായിലൂടെയോ മൂക്കിലൂടെയോ ഉള്ളിലേക്ക് പ്രവേശിച്ചാൽ നോമ്പ് മുറിയും.

وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الأَبْيَضُ مِنَ الْخَيْطِ الأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ (البقرة: ١٨٧)

- ഫജ്റ് വരെ ഭക്ഷണവും വെള്ളവും അനുവദിച്ചു. അതു കഴിഞ്ഞാൽ പാടില്ല.
- ഭക്ഷണം കഴിക്കുക വെള്ളം കുടിക്കുക എന്നതിന് പുറമെ ശരീരത്തിന് പോഷണം ലഭിക്കുന്ന രീതിയിൽ ഗ്ലൂക്കോസ്, രക്തം സ്വീകരിക്കുക എന്നതെല്ലാം നോമ്പ് മുറിക്കുന്ന കാര്യങ്ങൾ
- ഈ ലക്ഷ്യത്തിന് വേണ്ടിയല്ലാതെ ഇഞ്ചക്ഷൻ ഉപയോഗിക്കുന്നത് നോമ്പ് മുറി യുകയ ല്ല എന്നതാണ് പണ്ഡിതന്മാരുടെ ശരിയായ അഭിപ്രായം. നോമ്പ് തുറന്നതിന് ശേഷം ഉപയോഗിക്കാൻ പറ്റുമെങ്കിൽ ആ സമയങ്ങളിൽ ഉപയോഗിക്കുക.
- **തുള്ളി മരുന്നുകൾ**
- കണ്ണിലും ചെവിയിലും തുള്ളി മരുന്നുകൾ ഉപയോഗിക്കുന്നതു കൊണ്ട് നോമ്പ് മുറിയുകയില്ല
- ഈ രണ്ടു അവയവങ്ങളും ഭക്ഷണം കഴിക്കൻ ഉപയോഗിക്കുന്ന അവയവങ്ങൾ അല്ല.
- **സുറുമ ഇടുക.**
- നോമ്പുകാരൻ സുറുമ ഇടുന്നതും പ്രശ്നമില്ല. അതിലൂടെ അയാളുടെ നോമ്പ് മുറിയുകയില്ല.

## 4. الاستقاء عمداً

**മനഃപൂർവം ഛർദ്ദിക്കുക**

വായിൽ വിരലിട്ടോ മറ്റോ ബോധപൂർവം ഛർദ്ദിക്കുന്നതും നോമ്പ് മുറിയാൻ കാരണമാവും. എന്നാൽ സ്വാഭാവിക ഛർദ്ദികൊണ്ട് നോമ്പ് മുറിയുകയില്ല. നബി(സ) പറ ഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു:

عن أبي هريرة :مَن ذرَعه القيءُ فليس عليه قضاءٌ، ومَن استقاءَ فليقضِ

ഛർദ്ദി ആരെയെങ്കിലും കീഴ്പ്പെടുത്തിയെങ്കിൽ അവൻ നോമ്പ് നോറ്റു വീട്ടേണ്ടതില്ല. ബോധപൂർവം ഛർദ്ദിച്ചവൻ നോറ്റുവീട്ടണം.

## 5. خروج دم الحيض أو النفاس من المرأة

**ആർത്തവവും പ്രസവവും**

നോമ്പിന്റെ അവസാന നിമിഷങ്ങളിലായാൽപോലും ആർത്തവരക്തമോ പ്രസവരക്തമോ പുറപ്പെട്ടുതുടങ്ങിയാൽ നോമ്പ് മുറിയും. അതു പിന്നീട് നോറ്റുവീട്ടുകയും വേണം.

عن أبي سعيد الخدري :أَليسَ إذا حاضَتْ لَمْ تُصَلِّ ولَمْ تَصُمْ

ഹൈദ്വുകാരി നോമ്പും നമസ്കാരവും ഒഴിവാക്കുന്നില്ലേ? അവർ അതെ എന്നു മറുപടി പറഞ്ഞു;

عن عائشة أم المؤمنين :كنّا نحيضُ على عهدِ رسولِ اللّٰهِ ﷺ ثمَّ نطهُرُ فيأمرنا بقضاءِ الصِّيامِ ولا يأمرُنا بقضاءِ الصَّلاةِ

നബി (സ്വ) യുടെ കാലത്ത് ഞങ്ങൾക്ക് ഹൈദ്വ് സംഭവിക്കാറുണ്ട്. പിന്നെ ശുദ്ധിയാകുമ്പോൾ നോമ്പ് നോറ്റു വീട്ടാൻ ഞങ്ങളോട് കൽപ്പിക്കുമായിരുന്നു. നമസ്കാരം ഖദ്വാ വീട്ടാൻ ഞങ്ങളോട് കൽപ്പിച്ചിട്ടില്ല.

## 6. നോമ്പ് മുറിക്കാൻ തീരുമനിച്ചു എന്ന നിയ്യത്തുണ്ടായാൽ

- നോമ്പ് മുറിക്കാൻ തീരുമാനിച്ചാൽ ഒന്നും ഉള്ളിൽ ചെന്നില്ലെങ്കിലും നോമ്പ് മുറി ക്കുകയാണെന്ന് തീരുമാനിച്ചാൽ നോമ്പ് മുറിയും.
- നോമ്പിന്റെ ഉദ്ദേശം പ്രഭാതം മുതൽ പ്രദോഷം വരെ നോമ്പ് മുറിയുന്ന കാര്യങ്ങളിൽ നിന്നും മാറി നിൽക്കുക എന്നതാണ്.
- ഒരാൾ ഞാൻ ഉറപ്പായും നോമ്പ് മുറിക്കുന്നു എന്ന ഉദ്ദേശിച്ചാൽ തന്നെ അയാളുടെ നോമ്പ് മുറിയും.

### നോമ്പ് മുറിയണമെങ്കിലുള്ള നിബന്ധനകൾ

- മൂന്നു കാര്യങ്ങളുണ്ടെങ്കിലാണ് നോമ്പ് മുറിയുക.

وإنَّمَا يُفْطِرُ بِجَمِيعِ مَا سَبَقَ إذَا فَعَلَهُ عَامِداً، ذَاكِراً لِصَومِهِ، مُخْتَاراً

മുകളിൽ പറഞ്ഞ കാര്യങ്ങൾ കൊണ്ടെല്ലാം നോമ്പ് മുറിയും. അത് ചെയ്യുന്നത് മനപൂ ർവ്വം, നോമ്പു കാരനാണ് എന്ന് ഓർമയുണ്ടായിരിക്കെ സ്വന്തം ഇഷ്ടപ്രകാരം ആണെങ്കിൽ.

1. ഇസ്ലാമിൽ നിന്നും പുറത്തു പോകൽ..
2. നോമ്പിന്റെ വിധിവിലക്കുകളെ കുറിച്ച് അറിവുള്ളവനാകണം.
3. ഓർമയുണ്ടായിരിക്കണം.
4. സ്വന്തം ഇഷ്ടപ്രകാരം ആയിരിക്കണം.

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.